മാധ്യമം 13 November 2021

# ‘സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഇന്ത്യ മുന്നിൽ’

കൊച്ചി: കോവിഡ് മഹാമാരിയിലൂടെ പ്രതിസന്ധിയിലായ സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഇന്ത്യ മുന്നിലെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. കേന്ദ്രസർക്കാറിൻെറ ഉചിത നയനിലപാടുകളും വൈവിധ്യപൂർണമായ നൈപുണ്യവികസനവുമാണ് ഇതിന് സഹായകരമായത്. ആത്മനിർഭർ ഭാരതിൻെറ പശ്ചാത്തലത്തിൽ ഇന്ത്യയുടെ പൊതുസാമ്പത്തിക സ്ഥിതിയെക്കുറിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) വിവിധ മേഖലകളിലെ പ്രഗല്ഭരുമായി ആശയവിനിമയം നടത്തുകയായിരുന്നു മന്ത്രി. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, എ. ജയകുമാർ എന്നിവർ സംസാരിച്ചു.